**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത വി കുമാർ ഐ എ എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് –പോഷകബാല്യം 2025 - 26 -ഡിസംബർ -മാർച്ച് മാസത്തെ ഫണ്ട് അനുവദിച്ചുത്തരവാകുന്നു.

പരാമർശം: 1. 11.06.2025 ലെ സ.ഉ.(സാധാ) നം.272/2025/WCDD നമ്പർ ഉത്തരവ്.

2. ഈ കാര്യാലയത്തിലെ 21.03.2025, 01.07.2025, 12.09.2025, 19.11.2025 തീയതികളിലെ DWCD/2405/2025-ICDSB1 നമ്പർ നടപടി ക്രമം.

3 14 ജില്ലകളിൽ നിന്നുള്ള ഫണ്ട് റിക്വസ്റ്റ്.

ഉത്തരവ് നമ്പർ DWCD/2405/2025-ICDSB1 തീയതി 24.1.2026.

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിരവികസന ലക്ഷ്യമായ "സീറോ ഹംഗർ" കൈവരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും ആഴ്ചയിൽ 2 ദിവസം മുട്ടയും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന നൂതന സംസ്ഥാനപദ്ധതി 2022-23 ൽ ആരംഭിച്ച് 2025 -26 വർഷവും തുടർന്നു വരുന്നു.

24/01/26

നടപ്പു സാമ്പത്തിക വർഷം മുതൽ ആഴ്ചയിൽ 3 ദിവസം പാലും 3 ദിവസം മുട്ടയും എന്ന രീതിയിൽ പദ്ധതി വിപുലപ്പെടുത്തി തുടരുന്നതിനായി സംസ്ഥാന സർക്കാർ 2235-02-102-22-00-34-03(PV) എന്ന ശീർഷകത്തിൽ 8000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതിയും 79,17,00,000/-രൂപ 2235-02-102-22-00-34-03(PV) ശീർഷകത്തിൽ നിന്നും വിനിയോഗക്കുന്നതിനുള്ള അനുമതിയും പരാമർശം (1) പ്രകാരം ലഭ്യമായിട്ടുണ്ട്.

നടപ്പു സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ഡിസംബർ മാസം വരെ പദ്ധതി ചെലവിനായി ആകെ 38,51,33,334/- രൂപ പരാമർശം 2 പ്രകാരം കീഴ് കാര്യാലയങ്ങൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലേയ്ക്കായി 2025 ഡിസംബർ മാസത്തേയ്ക്ക് അധികമായി ആവശ്യമുള്ള തുകയും ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലേയ്ക്ക് ആവശ്യമുള്ള തുകയും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 14 ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും പരാമർശം 3 പ്രകാരം റിക്വസ്റ്റ് സമർപ്പിച്ചിട്ടുണ്ട്. ആയതു പ്രകാരം മാർച്ച് മാസം വരെ അങ്കണവാടികളിലൂടെ മുട്ടയും പാലും വിതരണം ചെയ്യുന്നതിന് മുട്ട ഇനത്തിൽ 9,50,84,941/- രൂപയും പാൽ ഇനത്തിൽ 8,41,59,104/-രൂപയും ഉൾപ്പെടെ ആകെ 17,92,44,045/- രൂപ ആവശ്യമായി വരുന്നുണ്ട്.

മേൽസാഹചര്യത്തിൽ, പോഷകബാല്യം പദ്ധതി നടത്തിപ്പിന് 2025 ഡിസംബർ മാസത്തേയ്ക്ക് അധികമായി ആവശ്യമുള്ള തുകയും ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലേയ്ക്ക് ആവശ്യമുള്ള തുകയും ഉൾപ്പെടെ മുട്ടയ്ക്ക് 9,50,84,941/- രൂപയും, പാലിന് ആവശ്യമായ 8,41,59,104/-രൂപയും ചേർത്ത് ആകെ 17,92,44,045/-

രൂപ (പതിനേഴ കോടി തൊണ്ണൂറ്റി രണ്ടു ലക്ഷത്തി നാൽപ്പത്തി നാലായിരത്തി നാല്പത്തി അഞ്ചു രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-22-00-34-03(PV) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 80 കോടി രൂപയിൽ നിന്നും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ലിസ്റ്റ് പ്രകാരം അനുവദിച്ചുത്തരവാകുന്നു. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ പദ്ധതി ചിലവിനു ആവശ്യമായ തുക മുൻകൂറായി ശിശു വികസന പദ്ധതി ഓഫീസർമാർക്ക് കൈമാറേണ്ടതാണ്.

പ്രോഗ്രാം ഓഫീസർമാർ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ശിശു വികസന പദ്ധതി ഓഫീസർമാരിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ചു ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ആയതു BAMS മുഖേന പരിശോധിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ആഫീസർമാർക്കും

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും
3 സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ
4 വെബ് സൈറ്റ് പ്രസിദ്ധീകരണത്തിനു
5 സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

| POSHAKABALYAM 2025-26 DECEMBER to MARCH FUND DISTRIBUTION. | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| SL NO | DISTRICT | DECEMBER | | JANUARY | | FEBRUARY | | MARCH | | TOTAL | | GRAND TOTAL |
| | | EGG | MILK | EGG | MILK | EGG | MILK | EGG | MILK | EGG | MILK | |
| 1 | Thiruvananthapuram | 0 | 0 | 1885309 | 2313502 | 2555700 | 2372174 | 2603518 | 2378399 | 7044527 | 7064075 | 14108602 |
| 2 | Kollam | 143425 | 167462 | 1789474 | 1731012 | 1899910 | 1840961 | 2081750 | 2024727 | 5914559 | 5764162 | 11678721 |
| 3 | Pathanamthitta | 126356 | 32900 | 777565 | 712601 | 860961 | 812369 | 937695 | 865683 | 2702577 | 2423553 | 5126130 |
| 4 | Alappuzha | 336645 | 310749 | 1918230 | 1514283 | 1886470 | 1524404 | 1922630 | 1550841 | 6063975 | 4900277 | 10964252 |
| 5 | Kottayam | 312348 | 352150 | 1507100 | 1396159 | 1481050 | 1407159 | 1534370 | 1432259 | 4834868 | 4587727 | 9422595 |
| 6 | Ernakulam | 873097 | 839100 | 2701374 | 2104233 | 2601769 | 2175112 | 2693518 | 2226507 | 8869758 | 7344952 | 16214710 |
| 7 | Idukki | 0 | 22242 | 880913 | 975058 | 1111352 | 995322 | 1173472 | 1011254 | 3165737 | 3003876 | 6169613 |
| 8 | Thrissur | 900000 | 1163855 | 2832914 | 2215214 | 2630758 | 2288272 | 2729914 | 2294873 | 9093586 | 7962214 | 17055800 |
| 9 | Palakkad | 0 | 0 | 2447515 | 0 | 2622303 | 2097841 | 2685287 | 2403778 | 7755105 | 4501619 | 12256724 |
| 10 | Malappuram | 44189 | 486213 | 6059762 | 4699903 | 5629471 | 4788915 | 5718660 | 4770568 | 17452082 | 14745599 | 32197681 |
| 11 | Wayanad | 494763 | 493551 | 724390 | 680819 | 725070 | 682535 | 706920 | 677787 | 2651143 | 2534692 | 5185835 |
| 12 | Kozhikkode | 948507 | 628829 | 2702802 | 2485276 | 2726910 | 4189638 | 2899945 | 2582149 | 9278164 | 9885892 | 19164056 |
| 13 | Kannur | 0 | 0 | 2012657 | 1891591 | 1976037 | 1906476 | 1986166 | 1889299 | 5974860 | 5687366 | 11662226 |
| 14 | Kasargode | 0 | 0 | 1428000 | 1251000 | 1428000 | 1251000 | 1428000 | 1251000 | 4284000 | 3753000 | 8037000 |
| TOTAL | | 4179330 | 4497051 | 29668005 | 23970651 | 30135761 | 28332178 | 31101845 | 27359124 | 95084941 | 84159004 | 179243945 |